**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4414** **19-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2017 മുതൽ നാളിതുവരെ അനുവദിച്ച കോളനി നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ഏറ്റെടുത്ത ഏജൻസികൾ ഏതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രി തലത്തിൽ നിർവഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം നടത്തുകയുണ്ടായി.<br><br>പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021 ലെ സ ഉ |

| | | | |
|---|---|---|---|
| | | | (കൈ ) നം. 54/2021/പ.ജ.പ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | കോളനിയുടെ പേര് | അനുവദിച്ച പ്രവർത്തികൾ | നിലവിലെ സ്ഥിതി | അനുവദിച്ച തുക | ഏജൻസി |
|---|---|---|---|---|---|
| 2016-17 | (വള്ളിക്കുന്നം പഞ്ചായത്ത്) ഐ.കെ.എസ്.കോളനി | ഓഡിറ്റോറിയം നവീകരണം | പൂർത്തിയായി | 99,67,945/- ചെലവ് (72,85,713) | KAICO |
| | | റോഡ് കോൺക്രീറ്റിംഗ് | പൂർത്തീകരിച്ചു | | |
| | | ഭവന പുനരുദ്ധാരണം | | | |
| | | സംരക്ഷണഭിത്തി | | | |
| | | ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് നിർമ്മാണം | പൂർത്തീകരിച്ചു | | |
| | (പാലമേൽ പഞ്ചായത്ത്) ഐക്യമത്ത് വിള കോളനി | ഭവന പുനരുദ്ധാരണം | 24 വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു | | |
| | | സംരക്ഷണ ഭിത്തി നിർമ്മാണം | | 81,30,574 (ചെലവ് 50,00,000) | KAICO |
| | | റോഡ് കോൺക്രീറ്റിംഗ് | 2 റോഡുകളുടെ കോൺക്രീറ്റിംഗ് പൂർത്തിയായി | | |
| | | റോഡ് റീടാറിംഗ്, | 2 റോഡുകൾ പൂർത്തിയായി | | |
| | | സൈഡ് വാൾ | | | |
| 2019-20 | (ചുനക്കര പഞ്ചായത്ത്) പാങ്കാവിൽ കോളനി | ഭവന പുനരുദ്ധാരണം | 90% പൂർത്തീകരിച്ചു | 4846611 (ചെലവ് 23,74,345) | ജില്ലാ നിർമ്മിതി കേന്ദ്രം |
| | | ഇന്റേണൽ റോഡ് നിർമ്മാണം | ഉടൻ ആരംഭിക്കുന്നതാണ് | | |
| 2021-22 | (തെക്കേക്കര പഞ്ചായത്ത്) തെറ്റിക്കുഴി കോളനി | ആദ്യ മീറ്റിംഗ് കഴിഞ്ഞു എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു | | 1,00,00,000 (ചെലവ് 20,00,000) | |
| | (പാലമേൽ പഞ്ചായത്ത്) പുലിക്കുന്ന് കോളനി | | | | |

സെക്ഷൻ ഓഫീസർ